19101145

**QP CODE: 19101145**

Reg No : ....................

Name : ....................

## BA/B.Sc.DEGREE (CBCS) EXAMINATION, DECEMBER 2018

**First Semester**

For BA/B.Sc Model I programmes)

**Common Course II - ML1CCT01 - MALAYALAM-KADHA SAHITHYAM**

2017 Admission (Reappearance)

596728F4

**Maximum Marks: 80** **Time: 3 Hours**

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. ‘’അവരെത്ര നല്ല സ്വഭാവം ഉള്ളവരാണെങ്കിലും ജന്മിയുടെ കുശുമ്പില്ലാതെ വരുവോ ?’’ – ഈ അഭിപ്രായത്തിന്റെ സാധുതയെന്ത് ?
2. "മാറ്റി വരയ്ക്കാൻ പറ്റാത്തത് ജീവിതം മാത്രമാണ് ഇതെളുപ്പം" - കഥാനായകൻ ഇങ്ങനെ പറയുന്നതിന്റെ കാരണം എന്ത് ?
3. " എനിക്ക് നിന്നോട് അനുകമ്പ മാത്രേ തോന്നുകയുള്ളൂ. ഒരു സാധാരണ സ്ത്രീയായി ജനിക്കുവാൻ കൂടി കഴിഞ്ഞില്ലല്ലോ നിനക്ക് " - ആരുടെ വാക്കുകൾ ? വിവക്ഷിതം എന്ത് ?
4. മേബിൾ അമ്മായിയുടെ ശാന്തസുന്ദരമായ ഭവനം പ്രണയത്തിനു പൂത്തുലയാൻ പറ്റിയ വള്ളിക്കുടിലായിരുന്നുവെന്ന് എഴുത്തുകാരി വിചാരിക്കുന്നത് എന്തുകൊണ്ട് ?
5. ' എന്റെ മുടിയഴിഞ്ഞു പറന്ന് ആകാശം മുട്ടുകയും എന്റെ പാവാട വട്ടം ചുഴറ്റി ഭൂമിയെ പൊതിയുകയും ചെയ്തു " - സന്ദർഭം എഴുതി വിശദീകരിക്കുക.
6. "സ്നേഹിക്കാൻ അധൈര്യപ്പെടുന്നവർ എന്നാലോ സ്നേഹം വേണ്ടെന്നു വെയ്ക്കാനും ധൈര്യമില്ലാത്തവർ " - ഈ പ്രസ്താവനയുടെ അർത്ഥമെന്ത് ?
7. കാറ്റിൽ ബസ്മതി അരിയുടെ സുഗന്ധം പടർന്നപ്പോൾ ഗോപാൽ യാദവ് ഓർത്തത് എന്തൊക്കെ ?
8. "പച്ചയുടെ ഒരു പെട്ടകം ഉറൂസിനെയും മറ്റ് ജീവജാലങ്ങളെയും കൊണ്ട് അക്കരയ്ക്ക് ഒഴുകിപ്പോവും പോലെ തോന്നി " - വിശദീകരിക്കുക.
9. പവിത്രയുടെ അമ്മ തന്റെ താലി സാരിയ്ക്കുള്ളിൽ മറയ്ക്കുന്നത് എന്തിന് ?
10. ' വികാരങ്ങൾക്ക് ഭാഷ വേണ്ടല്ലോ " - നജീബ് ഇങ്ങനെ ചിന്തിക്കാൻ കാരണം ?
11. അറിവില്ലായ്മയുടെ ഗർത്തത്തിൽ വീണതുപോലെ നജീബിന് അനുഭവപ്പെട്ടതെപ്പോൾ ?
12. ' ഒരു അന്യരാജ്യത്തിന്റെ ജയിലിനുള്ളിൽ എത്രമാത്രം അസ്വാതന്ത്ര്യം നജീബ് അനുഭവിച്ചിരുന്നു " - വ്യക്തമാക്കുക.

 Turn Over

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. മനുഷ്യനാണ് ഭൂമിയുടെ അവകാശികൾ എന്ന വാദത്തെ ന്യായീകരിക്കുവനായി ഭൂമിയുടെ LLഅവകാശികൾ എന്ന കഥയിൽ ഉന്നയിക്കുന്ന യുക്തികൾ എന്തെല്ലാം ?
14. മാനാഞ്ചിറ ടെസ്റ്റിൽ അധിനിവേശത്തിന്റെ  ചരിത്രമുണ്ട്' - ഈ അഭിപ്രായം പരിശോധിക്കുക.
15. മനസ്സിന്റെ കഥാകാരനാണ് പത്മനാഭൻ എന്ന അഭിപ്രായം 'കടൽ' എന്ന കഥയ്ക്ക് യോജിക്കുന്നുവോ എന്ന് പരിശോധിക്കുക.
16. പത്മനാഭന്റെ 'കടൽ' എന്ന കഥയിൽ കടൽ എന്തിനെയെല്ലാം പ്രതിനിധീകരിക്കുന്നു ?
17. ആർക്കറിയാം എന്ന കഥയ്ക്ക് ആസ്വാദനം എഴുതുക ?
18. 'നീയൊരു മൂശേട്ടയാണ് .. സീതാലക്ഷ്മി മൂശേട്ടാ '' - സന്ദർഭം വ്യക്തമാക്കുക.
19. മരുഭൂമിയിലെ ഏറ്റവും മനോഹരമായ കാഴ്ചയെന്നു നജീബ് പറയുന്നതെന്തിനെക്കുറിച്ചാണ് ?
20. രതിഭാവത്തിന്റെ  ആവിഷ്കാരം ആടുജീവിതത്തിൽ ബെന്യാമീൻ അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരം ?
21. പ്രതീക്ഷയുടെ ചിഹ്നങ്ങളെ ആടുജീവിതത്തിൽ ചിത്രീകരിക്കുന്നത് എപ്രകാരം ? വിശദീകരിക്കുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. ഭൂമിയുടെ അവകാശികൾ ആരെന്ന മൗലികമായ ചോദ്യമാണ് ഭൂമിയുടെ അവകാശികൾ എന്ന കഥ ചർച്ച ചെയ്യുന്നത് ' - ഉപന്യസിക്കുക.
23. മലയാളത്തിലെ മികച്ച രാഷ്ട്രീയകഥകളിൽ ഒന്നാണ് 'തിരുത്ത് ' - ഉപന്യസിക്കുക
24. അഗ്നി എന്ന കഥയിലെ നായികയുടെ ധൈര്യവും പ്രതികാരവും സമകാലികസാഹചര്യങ്ങളിൽ അനുകരണീയമാണ്' - സ്വാഭിപ്രായമെഴുതി ചർച്ച ചെയ്യുക
25. 'പ്രവാസത്തിന്റെ മണൽപരപ്പിൽ രൂപം കൊണ്ട മഹത്തായ ഒരു സൃഷ്ടിയാണ് ആടുജീവിതം ' - വിലയിരുത്തുക

(2×15=30)